"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 08-02-2021

**സർക്കുലർ നം 12**

എല്ലാ ജയിലുകളിലും ഏതെങ്കിലും ഉത്പ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കണമെന്നും ജൈവ പച്ചക്കറി കൃഷിയിൽ ശ്രദ്ധിക്കണമെന്നും നിർദ്ദേശിച്ചിരുന്നു . ജയിലുകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന ജൈവ കാർഷിക ഉത്പ്പന്നങ്ങളും കര കൌശല വസ്തുക്കളും ആഹാര സാധനങ്ങളും പൊതു ജനങ്ങൾക്കു കൂടി ലഭ്യമാക്കുന്നതിലൂടെ ജയിൽ വകുപ്പിന്റെ വരുമാനവും, പ്രിസൺ ഡെവലപ്മെന്റ് ഫണ്ട് വിഹിതവും വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. എറണാകുളം ജില്ലാജയിൽ, കോഴിക്കോട് ജില്ലാ ജയിൽ പോലെയുള്ള ചില ജയിൽ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ മാതൃകാപരമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും പല ജയിലുകളും വേണ്ടത്ര ശുഷ്കാന്തി പ്രകടിപ്പിക്കുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിരിക്കുന്നു. സ്ഥല സൌകര്യമുള്ള എല്ലാ ജയിലുകളിലും ജയിലുകളോട് ചേർന്ന് പൊതുജനങ്ങൾക്ക് പ്രയോജനകരമായ വിധത്തിൽ ഒരു മിനി സെയിൽസ് സ്റ്റോർ ആകർഷകമായ രീതിയിൽ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുന്നു. ജയിലിൽ ഉത്പ്പാദിപ്പിക്കുന്ന എത് സാധനവും കാർഷിക വിഭവവും പ്രദർശിപ്പിക്കുകയും വിൽപ്പന നടത്തുകയും വരുമാന വിഹിതം കൃത്യമായി കണക്കാക്കി അക്കൌണ്ട് ചെയ്യുകയും വേണമെന്ന് അറിയിക്കുന്നു.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽസ്ഥാപന മേധാവികൾക്കും.

പകർപ്പ്: ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്,
ഉത്തര മേഖല / മദ്ധ്യ മേഖല / ദക്ഷിണ മേഖല.

G1-3250/2021/PrHQ

7a209b